പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5608

04.07.2013 ലെ മറുപടിയ്ക്ക്

## സീപ്ലെയിൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) സീപ്ലെയിൻ പദ്ധതിക്ക് വേണ്ടി കേരള ഗവൺമെന്റ് കൈരളി ഏവിയേഷൻ കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) സംസ്ഥാന സർക്കാർ 'ഓപ്പൺ സ്കൈ' പോളിസിയാണ് ഈ പദ്ധതിയ്ക്കായി സ്വീകരിച്ചിരിക്കുന്നത്. അതിനാൽ കേന്ദ്ര ഏജൻസികളായ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ.), ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്.) മുതലായവയുടെ അനുമതി ലഭ്യമായിട്ടുള്ള ഏത് സ്വകാര്യ ഏജൻസികൾക്കും സർവ്വീസ് നടത്താവുന്നതാണ്. ഇങ്ങനെ വരുന്ന സ്വകാര്യ സംരംഭകരുമായി പ്രത്യേക കരാർ ഉണ്ടാക്കുന്നില്ല. ഈ പദ്ധതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നത് മാത്രമാണ് കേരള സർക്കാരിന്റെ ചുമതല. |
| ബി) പ്രസ്തുത പദ്ധതി കൊണ്ട് ലഭിക്കുന്ന സാമ്പത്തിക ലാഭത്തെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ? | ബി) ഈ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ആയതിനാൽ ഇക്കാര്യത്തിലുള്ള കണക്കുകൾ കൃത്യമായി കണക്കാക്കുവാൻ ഇപ്പോൾ സാധ്യമല്ല. എങ്കിലും വരും വർഷങ്ങളിൽ ഈ ടൂറിസം പദ്ധതിയുടെ പ്രത്യക്ഷ ഗുണഫലങ്ങൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ